Reg No:

പേര് ......................................................മേൽവിലാസം..........................................................................

...............................................................................................................................................

ഫോൺ നമ്പർ..............................................Whatsapp No..........................................................................

E mail.....................................................................................................................................

# ഗാഗുൽത്താ ധ്യാനകേന്ദ്രം

Reg No:

## കുറുമാൽ,തലക്കോട്ടുക്കര. പി. ഒ. തൃശ്ശൂർ

# ഗാഗുൽത്താ നാഥന്റെ വാഗ്ദത്തം

പീലാത്തോസിന്റെ കൽത്തളത്തിൽ ഒന്ന് കുറയെ 40 അടികൾ (2 കോറി 11: 24, നിയമ 25: 3) ഏറ്റു വാങ്ങിയ ഗാഗുൽത്താ നാഥന്റെ തിരുമുറിവിൽ നിന്നും ഒഴുകിയിറങ്ങിയ, ഗാഗുൽത്തായിലെ കുരിശിൻ ചുവട്ടിൽ തളം കെട്ടികിടക്കുന്ന, തിരുരക്തത്തിന്റെയും തിരുജലത്തിന്റെയും വിശുദ്ധ തൈലത്തിന്റെയും അഭിഷേക ശുശ്രൂഷയിലൂടെ വ്യക്തികളുടെയും കുടുംബത്തിന്റെയും തലമുറകളുടേയും വിടുതൽ പ്രാപിക്കാൻ സാധിക്കും

ഈ ശുദ്ധീകരണം സംഭവിക്കുവാൻ 40 ദിവസത്തെ ശുശ്രൂഷയുടെ അഞ്ച് ഘട്ടങ്ങളിലൂടെ നാം കടന്നുപോകണം ( 2 ദിന 7:14 )

I - ദൈവത്തെ അന്വേഷിക്കുക: വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, വ്യക്തിപരമായ പ്രാർത്ഥന, നിത്യാരാധനയിൽ പങ്കെടുക്കുക

II - തങ്ങളെ തന്നെ എളിമപ്പെടുത്തുക : നല്ല കുമ്പസാരം നടത്തുക, കാരുണ്യ പ്രവർത്തികൾ ചെയ്യുക ( ഗാഗുൽത്താ ധ്യാന കേന്ദ്രത്തിലോ ഈശോയുടെ കൂട്ടുകാരുടെ ഭവനത്തിലോ, മറ്റു സൗകര്യമുള്ള സ്ഥലത്തോ )

III - ദുർമാർഗ്ഗങ്ങളിൽ നിന്നും പിന്തിരിയുക : ( ഗലാത്തിയ 5: 19 –21 )

IV - മറ്റുള്ളവരോട് ക്ഷമിച്ചു പ്രാർത്ഥിക്കുക : ( മത്തായി 5: 44 )

V - ഗാഗുൽത്തായിൽ അഞ്ച് വെള്ളിയാഴ്ചകളിൽ ഏകദിന ശുശ്രൂഷയിൽ പങ്കെടുക്കുക ( പങ്കെടുക്കേണ്ട വിധം ചുവടെ ചേർക്കുന്നു )

ഒന്നാമത്തെ ആഴ്ച : വാഗ്ദത്തം എടുക്കൽ, വാഗ്ദത്ത നേർച്ച വസ്തുക്കളുടെ ആശീർവാദം

2 ദിനവൃത്താന്തം 7 :14 ൽ പറയുന്നതുപോലെ ഞാൻ ചെയ്യുന്ന വാഗ്ദത്തം...

എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെ തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗങ്ങളിൽ നിന്നും പിന്തിരിയുകയും ചെയ്താൽ ദൈവം തരുന്ന വാഗ്ദത്തം സ്വർഗ്ഗത്തിൽനിന്ന് ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് പാപങ്ങൾ ക്ഷമിക്കുകയും നാമും നമ്മുടെ കുടുംബവും തലമുറയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യും

1 രാജാക്കന്മാർ 8 : 61 ഈ വാഗ്ദത്തം പ്രാപിക്കുന്നതിന് ഹൃദയം പൂർണമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ

2 ദിനവൃത്താന്തം 7 :15 ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്ക് നേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും

രണ്ടാമത്തെ ആഴ്ച : തിരുജല അഭിഷേകം, ജ്ഞാനസ്നാന വ്രത നവീകരണം)

തിരുജല അഭിഷേകം: പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി ഉടനെ അവിടെ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു (യോഹന്നാൻ 19: 34) തിരുവിലാവിൽ നിന്നും ഒഴുകുന്ന തിരു രക്തത്താലും തിരു ജലത്താലും നമ്മെ വിശുദ്ധീകരിക്കുന്നു.

"ജലം കൊണ്ടു കഴുകി വചനത്താൽ വെൺമയുള്ളതാക്കി' (എഫേ5 :26) ജലത്തിന് ശുദ്ധീകരിക്കാനും വിടുതൽ നൽകാനുമുള്ള ശക്തിയുണ്ട് കൂടാതെ വെള്ളപ്പൊക്കത്തിന്റെയും (ഉല്പത്തി 6 :17 ) ഇസ്രായേലിന്റെയും ഈജിപ്തിൽ നിന്നുള്ള പലായനത്തിന്റെയും (പുറപ്പാട് 14 :1 15 , 21 ) സംഭവത്തിലൂടെ തിന്മയെ നശിപ്പിക്കുവാൻ വിശുദ്ധ ജലത്തിന് കഴിയും(1 യോഹന്നാൻ 5 :6)ജലത്താലും രക്തത്താലും വന്നവൻ യേശുക്രിസ്തുവാണ്.

മൂന്നാമത്തെ ആഴ്ച : തിരുരക്ത അഭിഷേകം, വിടുതൽ ശുശ്രൂഷ

തിരുരക്ത അഭിഷേകം :വിടുതൽ ശുശ്രൂഷ 'സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിന് പുറത്തു വച്ചു പീഡനമേറ്റു ( ഹെബ്രാ 13 :12 ). യേശുവിൻറെ രക്തത്തിലൂടെ വ്യക്തിപരമായും കുടുംബപരമായും തലമുറയായും വിശദീകരണം പ്രാപിക്കുന്നു

"പിതാക്കന്മാരിൽ നിന്നും നിങ്ങൾക്കു ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽ നിന്നും നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണമോ കൊണ്ടല്ല കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റെത് പോലെയുള്ള ക്രിസ്തുവിൻറെ അമൂല്യ രക്തം കൊണ്ടത്രേ" (1 പത്രോസ് 1 :18 19)

"യേശുവിന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു" (എഫേ 1 :7)

നാലാമത്തെ ആഴ്ച : തൈലാഭിഷേകം സൗഖ്യ ശുശ്രൂഷ

തൈലാഭിഷേക പ്രാർത്ഥന : സൗഖ്യ ശുശ്രൂഷതൈലാഭിഷേക ശുശ്രൂഷ എന്നിവയിലൂടെ നാം ദൈവത്തിന്റേതാകുന്നു .

ദൈവത്തിന്റെ സംരക്ഷണത്തിൽ നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു .

പുറപ്പാട് 29 :7 'അനന്തരം , തൈലം തലയിലൊഴിച് അവനെ അഭിഷേചിക്കുക' തൈലാഭിഷേകത്തിലൂടെ ദൈവം നമ്മെ സ്വന്തമാക്കുന്നു.

പുറപ്പാട് 29 :21 (ലൂക്ക 4 :18 , അപ്പ പ്രവ 10 :38 , 1 സാമുവൽ 16 :13 , ഏശയ്യ 61 :1 )

തൈലാഭിഷേകം ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെയും അനുഗ്രഹത്തിന്റെയും അടയാളമാണ്. പഴയനിയമത്തിൽ പ്രവാചകന്മാരെയും , രാജാക്കന്മാരെയുമാണ് തൈലാഭിഷേകം ചെയ്തിരുന്നതെങ്കിൽ , പുതിയനിയമത്തിൽ എല്ലാവർക്കും ആ അഭിഷേകം ലഭിക്കുന്നു.

'പരിശുദ്ധനായവൻ നിങ്ങളെ അഭിഷേകം ചെയ്തിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ ' (1 യോഹ 2 :20 )

## നിയോഗങ്ങൾ എഴുതുക

- 
- 
- 
- 
- 

അഞ്ചാമത്തെ ആഴ്ച : അഗ്നി അഭിഷേകം, പരിശുദ്ധാത്മ അഭിഷേകം

'പരിശുദ്ധനായവൻ നിങ്ങളെ അഭിഷേകം ചെയ്തിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ '

പരിശുദ്ധാത്മാവ് അഗ്നിയാണ്. ഈ അഗ്നിയിൽ നാം അഭിഷേകം ചെയ്യണം

മത്താ 3 :11 , ലൂക്കാ 3 :16 , അപ്പ. പ്രവ 2 :3 4

VI - ആറാമതായി ധ്യാനം: വ്യക്തികളുടെയും കുടുംബത്തിന്റെയും തലമുറയുടെയും വിശുദ്ധീകരണത്തിനായി ഗാഗുൽത്തായിൽ കുടുംബ വൃക്ഷ സൗഖ്യ ധ്യാനത്തിൽ പങ്കെടുക്കണം.

**ലഭിച്ച അനുഗ്രഹങ്ങൾ ഞങ്ങളെ അറിയിക്കാം 96 45 88 68 55**

# ബന്ധന പ്രാർത്ഥനകളോടൊപ്പം ഉപയോഗിക്കാവുന്ന വെഞ്ചിരിച്ച വസ്തുക്കൾ പൈശാചിക പീഡകൾ അകറ്റുന്നതിന് ഫലപ്രദമാണ്

**ഒലിവ് എണ്ണ**

വെഞ്ചിരിച്ച ഒലിവ് എണ്ണ ഒരു ആത്മീയ എണ്ണയാണ്. ഇത് ആളുകളെ അവരുടെ ആത്മാവിലോ വീടിനുള്ളിലോ ഉള്ള നെഗറ്റീവ് എനർജികളിൽ നിന്ന് മുക്തി നേടാൻ സഹായിക്കുന്നു. ഒലിവ് എണ്ണ കൊണ്ട് ചർമ്മത്തിൽ കുരിശ് അടയാളം വരയ്ക്കുക അത് ദൈവത്തിന്റെ ശക്തി, സാന്നിധ്യം, രോഗശാന്തി എന്നിവ അനുഭവിക്കാൻ സഹായിക്കും ഇതിലൂടെ ദൈവത്തിന്റെ സംരക്ഷണവും അനുഗ്രഹവും ലഭിക്കുന്നു. എണ്ണക്ക് തന്നെ ശക്തിയില്ല, ഇത് യേശുവിന്റെ പൂർത്തിയാക്കിയ പ്രവർത്തിയുടെ പ്രതീകമാണ്. അശുദ്ധിയിൽ നിന്ന് ശരീരത്തെ ശുദ്ധി ആക്കുന്നതിന് ഒലിവ് എണ്ണ കൊണ്ടുള്ള ലേപനം സഹായിക്കും

**വെഞ്ചിരിച്ച ഉപ്പ്**

വെഞ്ചിരിച്ച ഉപ്പ് തിന്മക്കെതിരെ സംരക്ഷണം നൽകും. ഈ ഉപ്പ് ഒരു മുറിയിലോ മറ്റു സ്ഥലങ്ങളിലോ ദൈവിക സംരക്ഷണത്തിനായി വിതറാവുന്നതാണ്. ഉപ്പ് പരമ്പരാഗതമായി വീടിനെ അനുഗ്രഹിക്കാൻ ഉപയോഗിക്കുന്നു. പിശാചുക്കളെ ബഹിഷ്കരിക്കുന്നതിനും ശരീരത്തെയും മനസ്സിനെയും സുഖപ്പെടുത്തുന്നതിനും വെഞ്ചിരിച്ച ഉപ്പ് ഉപയോഗിക്കാം

**കുന്തിരിക്കം**

മണമേറ്റപ്പോൾ പിശാച് ഈജിപ്തിന്റെ അങ്ങേയറ്റത്തേക്ക് പലായനം ചെയ്തു ( തോബിത് 8:3 ) കുന്തിരിക്കം കൊണ്ടുളള ധൂപാർച്ചന പ്രാർത്ഥനയിലൂടെ ദുഷ്ടാരൂപികളെബഹിഷ്കരിക്കാൻ സാധിക്കും. കുടുംബത്തെയും നമ്മെയും വിശുദ്ധീകരിക്കാൻ സാധിക്കും.

**വിശുദ്ധ ജലം**

ജലത്താലും രക്തത്താലും വന്നവൻ ഇവനാണ് യേശുക്രിസ്തു (1 യോഹന്നാൻ 5:6) ഈ രക്തത്താലും ജലത്താലും പിശാചിൽ നിന്നുള്ള മോചനം ലഭിക്കുന്നു. ഗാഗുൽത്തായുടെ കുരിശിൻ ചുവട്ടിൽ തളം കെട്ടികിടക്കുന്ന തിരുരക്തവും തിരുജലവും ദുഷ്ട ശക്തികളുടെ ആക്രമണത്തിൽ നിന്നും നമുക്ക് വിടുതൽ നൽകുന്നു. നമ്മുടെ ഭവനങ്ങളെയും താമസസ്ഥലങ്ങളേയും സാത്താന്റെ ദുഷ്ടതമൂലം ഉള്ള തിന്മയുടെ സ്വാധീനത്തിൽ നിന്നും നമ്മെ സംരക്ഷിക്കും അശുദ്ധിയിൽ നിന്നും ശരീരത്തിനെയും മനസ്സിനെയും നിർമ്മലമായി കാത്തുസംരക്ഷിക്കാൻ ഇത് നമ്മെ സഹായിക്കും. വിശുദ്ധിയിൽ നിലനിർത്താൻ നമ്മെ സഹായിക്കുന്നു

**മിറാക്കുലസ് മെഡൽ**

മാതാവിന്റെ നിർദ്ദേശമനുസരിച്ച് 1830 ൽ ഈ മെഡൽ ഉണ്ടാക്കി ഈ കാശുരൂപം ധരിക്കുന്നവർക്കു പ്രത്യേക അനുഗ്രഹം, മാതാവിന്റെ മധ്യസ്ഥതയിൽ ലഭിക്കും. ഈ കാശുരൂപം ധരിക്കുകയും ഈ പ്രാർത്ഥന ഏറ്റുചൊല്ലുകയും ചെയ്യുന്നവർക്ക് പ്രത്യേക അനുഗ്രഹം അമ്മ വാഗ്ദാനം ചെയ്യുന്നു.
ഈ കാശിരൂപത്തിന്റെ പ്രത്യേകത അമലോൽഭവയായ മാതാവിന്റെ പടം തുറന്ന കരങ്ങൾ പ്രകാശ രൂപിതമായിരിക്കുന്ന അമ്മ. ..
നിർമലയായി ദൈവകുമാരനെ ഉദരത്തിൽ വഹിച്ച അമ്മേ, അങ്ങയിൽ ശരണം പ്രാപിക്കുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**വെഞ്ചിരിച്ച തിരി**

ഒരു പ്രത്യേക സ്ഥലത്തു തിന്മയുടെ സാന്നിധ്യമോ പ്രകടനമോ അനുഭവപ്പെടുമ്പോൾ വെഞ്ചിരിച്ച മെഴുകുതിരി കത്തിക്കുക. വെഞ്ചിരിച്ച മെഴുകുതിരി കളിൽ നിന്നുള്ള പ്രകാശം ലോകത്തിന്റെ വെളിച്ചമായ യേശുവിനെ പ്രതീകപ്പെടുത്തുന്നു. കർത്താവിന്റെ സാന്നിധ്യം അന്ധകാരത്തിന്റെ എല്ലാ ആത്മാക്കളെയും അകറ്റുന്നു. ഈ മെഴുകുതിരി കത്തിച്ചു മോചനത്തിനായി പ്രാർത്ഥിക്കുന്നത് ഒരു സ്ഥലം, പ്രത്യേകിച്ച് ഒരു മുറി, പൈശാചിക പീഡയിൽ നിന്ന് ശുദ്ധീകരിക്കാൻ പ്രത്യേകിച്ചും ഫലപ്രദമാണ്